ഗുരുവരുൾ സ്റ്റഡിസർക്കിൾ ഭാരവാഹികൾ

വർക്കല: ഗുരുവരുൾ സ്റ്റഡിസർക്കിൾ ഭാരവാഹികളായി എ. ഷിബു (പ്രസിഡന്റ്), താണുവൻ ആചാരി (വൈസ് പ്രസിഡന്റ്), പ്രൊഫ. ഗേളിഷാഹിദ് (സെക്രട്ടറി), ആർ.കെ.സുകുമാരൻ (ജോയിന്റ് സെക്രട്ടറി), കെ.പ്രസന്നൻ (ട്രഷറർ), ഫിർദൗസ് കായൽപ്പുറം (രക്ഷാധികാരി) എന്നിവരെ തിരഞ്ഞെടുത്തു.

മലനാട്ടിൽ റെക്കാഡ് വിധിയെഴുത്ത്

▶സ്വന്തം ലേഖകൻ

കരകുളം ഗവൺമെന്റ് യു.പി.എസിലെ 200 ാം നമ്പർ ബൂത്തിൽ രാവിലെ ഏഴരയോടെ അനുഭവപ്പെട്ട തിരക്ക്

നെടുമങ്ങാട്: വോട്ടിംഗ് യന്ത്രത്തിന്റെ തകരാറിനെയും ശക്തമായ കാറ്റിനെയും ചെറുത്ത് മലനാട്ടിൽ റെക്കാഡ് വിധിയെഴുത്ത്. ആറ്റിങ്ങൽ ലോക്സഭാ മണ്ഡലത്തിലെ അരുവിക്കര, നെടുമങ്ങാട്, വാമനപുരം അസംബ്ലി മണ്ഡലങ്ങളിൽ 68 ശതമാനം വരെയാണ് പോളിംഗ് നടന്നത്. വെമ്പായം, പെരിങ്ങമ്മല, വിതുര, തൊളിക്കോട്, കരകുളം, അരുവിക്കര ഗ്രാമപഞ്ചായത്തുകളിലെ ബൂത്തുകളിൽ രാവിലെ ആറ് മുതലേ നീണ്ട ക്യൂ അനുഭവപ്പെട്ടു. തലേന്ന് രാത്രിയിൽ വീശിയ ശക്തമായ കാറ്റിലും വേനൽ മഴയിലും വ്യാപകമായി മരങ്ങൾ ഒടിഞ്ഞു വീഴുകയും കൃഷിയിടങ്ങൾ നശിക്കുകയും ചെയ്തിരുന്നു. ഇത് വോട്ടർമാരുടെ ഒഴുക്കിനെ പ്രതികൂലമായി ബാധിക്കുമോ എന്ന ആശങ്ക പോളിംഗ് ഉദ്യോഗസ്ഥർക്ക് ഉണ്ടായിരുന്നെങ്കിലും 6 മണി മുതൽ സ്ത്രീകളടക്കമുള്ളവർ ബൂത്തുകളിൽ എത്തി. സാധാരണ തിരഞ്ഞെടുപ്പുകളിൽ പത്ത് മണി കഴിഞ്ഞു മാത്രം അനുഭവപ്പെടാറുള്ള ക്യൂവാണ് തുടക്കം മുതലുണ്ടായത്. വോട്ടിംഗ് യന്ത്രത്തിലെ കൺട്രോൾ, ബാലറ്റ് യൂണിറ്റുകൾ പ്രവർത്തന രഹിതമായതാണ് ബൂത്തുകളുടെ മുന്നിൽ രാവിലെ മുതൽ നീണ്ട നിര പ്രത്യക്ഷപ്പെടാൻ കാരണം. 10 ബൂത്തുകളിൽ മെഷീൻ മാറ്റി സ്ഥാപിച്ചു. നഗരസഭയിലെ തോട്ടുമുക്ക് അംഗൻവാടിയിൽ പത്ത് മണിക്കിടെ മൂന്ന് പ്രാവശ്യം യന്ത്രം പിണങ്ങി. ആനാട് ഗവ.എൽ.പി സ്കൂളിലെ 206 ാം നമ്പർ ബൂത്തിലും ആനാട് വാളംങ്കുഴി 209 ാം ബൂത്തിലും വോട്ടെടുപ്പ് തുടങ്ങിയപ്പോൾ യന്ത്രം പ്രവർത്തന രഹിതമായി. അരുവിക്കര ഗവ. എച്ച്.എസ്.എസിലെ 150 ാം നമ്പർ ബൂത്തിൽ മോഡൽ മോക്പോൾ കേടായതിനാൽ പുതിയത് സ്ഥാപിക്കാൻ ഒന്നര മണിക്കൂറോളം വൈകി. രാവിലെ തന്നെ വോട്ട് രേഖപ്പെടുത്താൻ എത്തി ക്യൂ നിന്നവർ പലരും ഇതിനകം മടങ്ങിപ്പോയി. പനവൂർ ആറ്റിൻപുറം യു.പി സ്കൂളിലെ 149 ാം ബൂത്തിൽ വോട്ടെടുപ്പ് തുടങ്ങി മുക്കാൽ മണിക്കൂർ കഴിഞ്ഞതോടെ യന്ത്രത്തിലെ ബീപ് ശബ്ദം കേൾക്കാതായി. ഇതേ തുടർന്ന് നിറുത്തിവച്ച പോളിംഗ് പുതിയ യന്ത്രം എത്തിച്ചാണ് പുനരാരംഭിച്ചത്. നഗരസഭയിലെ കരുപ്പൂര് ഗവ.എച്ച്.എസ്.എസിലെ 167 ാം ബൂത്തിൽ 10 ഓടെ മെഷീൻ സ്റ്റക്കായി. ഇത് ശരിയാക്കി പത്തരയോടെ വോട്ടിഗ് പുനഃരാരംഭിച്ചെങ്കിലും പതിനൊന്നരയോടെ വീണ്ടും പ്രവർത്തന രഹിതമായി. കരുപ്പൂര് 152 ാം ബൂത്തിൽ ആരംഭത്തിൽ തന്നെ ചിഹ്നം തെളിയാത്തത് ആശങ്കയുണ്ടാക്കി. അത് ശരിയാക്കി വോട്ടിംഗ് പുനരാരംഭിക്കാൻ അര മണിക്കൂർ വേണ്ടി വന്നു. നഗരസഭയിലെ സന്നഗർ കമ്മ്യൂണിറ്റിഹാൾ, കരകുളം ഗവൺമെന്റ് എൽ.പി സ്കൂൾ, വട്ടപ്പാറ എൽ.എം സ്കൂൾ, പാലോട് പാലുവള്ളി ഗവൺമെന്റ് യു.പി സ്കൂൾ തുടങ്ങിയ ബൂത്തുകളിലും പോളിംഗ് തടസപ്പെട്ടു. പൊന്മുടി ക്യാമ്പ് ഷെഡ് ബൂത്തിലെ 250 വോട്ടിൽ നൂറ് വോട്ട് ഉച്ചയോടെ രേഖപ്പെടുത്തി.

ക്യൂ നിന്ന് വലഞ്ഞു

മലയിൻകീഴ് : വോട്ട് രേഖപ്പെടുത്താൻ എത്തിയവർ ക്യൂ നിന്നത് മണിക്കൂറുകളോളം. മലയിൻകീഴ്, വിളപ്പിൽശാല, പൊറ്റയിൽ മഞ്ചാടി, അന്തിയൂർക്കോണം എന്നീ ബൂത്തുകളിലാണ് വോട്ടർമാരുടെ തിരക്ക് അനുഭവപ്പെട്ടത്. എന്നാൽ വോട്ടിംഗ് യന്ത്രത്തിന്റെ തകരാർ രാവിലെ മുതൽ മലയത്തെ ഒന്നാം നമ്പർ ബൂത്തിലും വിളവൂർക്കൽ ബൂത്തിലും വോട്ടർമാരെ വലച്ചിരുന്നു. വീണ്ടും വോട്ടിംഗ് മെഷീൻ തകരാറിലായതിനെത്തുടർന്ന് വോട്ടെടുപ്പ് നിറുത്തിവയ്ക്കേണ്ടി വന്നു. മണിക്കൂറുകളെടുത്താണ് പുനഃസ്ഥാപിച്ചത്. വിളപ്പിൽ പഞ്ചായത്തിലെ 53 മത് ബൂത്തിലും വോട്ടെടുപ്പ് തടസപ്പെട്ടിരുന്നു. മണ്ഡലത്തിലെ മിക്ക ബൂത്തുകളിലും തുടക്കം മുതൽ അവസാനം വരെ മന്ദതയിലായിരുന്നു.

20 കുപ്പി മദ്യം പിടികൂടി

വെഞ്ഞാറമൂട്: ലോകസഭ തിരഞ്ഞെടുപ്പിന്റെ ഭാഗമായുള്ള അവധി ദിനത്തിൽ വിൽപ്പനയ്ക്കായി സൂക്ഷിച്ചിരുന്ന 20 കുപ്പി വിദേശമദ്യം എക്സൈസ് സംഘം പിടികൂടി.

നെടുമങ്ങാട് സർക്കിൾ ഇൻസ്പെക്ടർ പി.എൽ. ഷിബുവിന്റെ നേതൃത്വത്തിൽ വെമ്പായം നൂറേക്കർ വാഴവിളയിൽ നടത്തിയ പരിശോധനയിൽ സനൽ സിംഗിന്റെ ഉടമസ്ഥതയിലുള്ള പുരയിടത്തിൽ നിന്നുമാണ് വിൽപ്പനയ്ക്കായി സൂക്ഷിച്ച് വച്ചിരുന്ന 20 മദ്യകുപ്പിൽ കണ്ടെത്തിയത്.

500 എം.എമ്മിന്റെ 20 കുപ്പികളാണ് കണ്ടെത്തിയത്. വാഴവിള പൊയ്കയിൽ വീട്ടിൽ സനൽ സിംഗ് (32) പേരിൽ കേസ് എടുത്തു.

തിരുവനന്തപുരം ഐ.ബി യൂണിറ്റിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. പരിശോധന. പരിശോധനയിൽ എക്സൈസ് ഇൻസ്പെക്ടർ ശങ്കർ, പ്രിവന്റീവ് ഓഫീസർ സാജു, സിവിൽ എക്സൈസ് ഓഫീസർമാരായ ബിജു, സജികുമാർ, സജീബ്, ഐ.ബി യൂണിറ്റിലെ പി.ഒ സന്തോഷ് എന്നിവരും പങ്കെടുത്തു.

വോട്ടിടാൻ കാത്തുനിന്ന് ജനം വലഞ്ഞു

അവനവഞ്ചേരി ഗവ. എച്ച്.എസിലെ ക്യൂ

ആറ്റിങ്ങൽ: ആറ്റിങ്ങൽ, ചിറയിൻകീഴ് മണ്ഡലങ്ങളിലെ വിവിധ പോളിംഗ് ബൂത്തുകളിൽ രാവിലെ 7 മണിക്ക് മുൻപേ നല്ല ക്യൂ ഉണ്ടായിരുന്നു. എന്നാൽ വോട്ടിംഗ് യന്ത്രം പിണങ്ങിയത് പോളിംഗ് വൈകിച്ചു. വോട്ട് ചെയ്തശേഷം ജോലിക്ക് പോകാമെന്ന കരുതി വന്നവർ വലഞ്ഞു. ചിലർ വോട്ട് ചെയ്യാതെ എട്ട് മണിവരെ കാത്തു നിന്ന് മടങ്ങി. വരികൾ നീണ്ടുപോയത് പലയിടത്തും വാക്കേറ്റത്തിൽ കലാശിച്ചു.

ആറ്റിങ്ങൽ മണ്ഡലത്തിലെ 153-ാം നമ്പർ ബൂത്തായ ആറ്റിങ്ങൽ ഗവ. കോളേജിൽ രാവിലെ വോട്ടിംഗ് ബട്ടൺ പ്രശ്നത്തിലായതിനെത്തുടർന്ന് ഒരു മണിക്കൂറിലധികം വൈകി. യന്ത്രം മാറ്റി സ്ഥാപിച്ചശേഷമാണ് പോളിംഗ് ആരംഭിച്ചത്. അവനവഞ്ചേരി പരവൂർക്കോണം ഗവ.എൽ.പി സ്കൂളിലെ 147-ാം നമ്പർ ബൂത്തിൽ വിവിപാറ്റ് യന്ത്രം ഒരു മണിക്കൂറോളം പിണങ്ങിയതിനാൽ ജീവനക്കാർ ഏറെ വലഞ്ഞു.

എല്ലാ സജ്ജീകരണങ്ങളും പൂർത്തിയാക്കി പോളിംഗിന് തയ്യാറായ സമയത്താണ് വിവിപാറ്റ് പിണങ്ങിയത്. അവനവഞ്ചേരി ഗവ.എച്ച്.എസിലെ 144-ാം നമ്പർ ബൂത്തിൽ മെഷീൻ തകരാറിലായി അരമണിക്കൂറോളം പോളിംഗ് വൈകി. ഇവിടെ അടുത്തടുത്ത് രണ്ട് ബൂത്തുകളുണ്ടായിരുന്നു. 143-ാം നമ്പർ ബൂത്തിൽ സുഗമമായി പോളിംഗ് നടന്നപ്പോൾ തൊട്ടടുത്ത ബൂത്തിൽ പോളിംഗ് തടസപ്പെട്ടത് പ്രതിഷേധത്തിനിടയാക്കി. ഒരുമിച്ചുവന്ന നാട്ടുകാർക്ക് ഒരുമിച്ച് പോകാനാവാത്തതിനാൽ പോളിംഗ് മുടങ്ങിയ സ്ഥലത്തു നിന്ന് പലരും വോട്ട് ചെയ്യാതെ മടങ്ങി. ഇത് രാഷ്ട്രീയ പ്രവർത്തകരും ഉദ്യോഗസ്ഥരും തമ്മിൽ വാക്കേറ്റത്തിനിടയാക്കി. ചെമ്പൂർ ഗവ. എൽ.പി.എസിലെ നാലു ബൂത്തിലെ 101-ാം നമ്പർ ബൂത്തിൽ ഒരു മണിക്കൂറും 98-ാം നമ്പർ ബൂത്തിൽ അരമണിക്കൂറും പോളിംഗ് വൈകി. ആലംകോട് ഗവ.എൽ.പി സ്കൂളിൽ മെഷീൻ തകരാർ മൂലം ഒരു മണിക്കൂറോളം പോളിംഗ് മുടങ്ങി. കൊട്ടുവഴന്നൂർ ഗവ.എച്ച്.എസ്.എസിലെ 132-ാം നമ്പർ ബൂത്തിൽ അരമണിക്കൂർ വൈകി. ചിറയിൻകീഴ് പാലവിള സ്കൂളിലെ പോളിംഗ് യന്ത്രത്തകരാർ കാരണം അരമണിക്കൂറിലധികം വൈകി.

കോരാണി അംബേദ്കർ മെമ്മോറിയൽ സ്കൂളിലെ ബൂത്തുകൾക്കുള്ളിൽ പാർട്ടി പ്രവർത്തകർ കയറി വോട്ടർമാരോട് വോട്ട് അഭ്യർത്ഥിച്ചത് വാക്കേറ്റത്തിനിടയാക്കി. പൊലീസിടപെട്ട് വോട്ട് ചെയ്തവരെയെല്ലാം ബൂത്തിനുള്ളിൽ നിന്ന് പുറത്താക്കി. രാവിലെ 11.30 വരെ നല്ല ക്യൂവാണ് പൊതുവേ ആറ്റിങ്ങൽ, ചിറയിൻകീഴ് നിയമസഭാ മണ്ഡലങ്ങളിൽ ഉണ്ടായത്. അതിനു ശേഷം ക്യൂ കുറഞ്ഞെങ്കിലും വൈകിട്ട് 3 മണിയോടെ വീണ്ടും ക്യൂ നീളുകയായിരുന്നു. ആറ്റിങ്ങൽ ഗവ. കോളേജിലെ പോളിംഗ് ബൂത്തുകളിൽ രാവിലെ മുതൽ ക്യൂ ഒരേ രീതിയിലായിരുന്നു. മൂന്നു മണിക്കൂറിലധികം ക്യൂനിന്നാണ് വോട്ടു രേഖപ്പെടുത്താനായത്. ഈ ബൂത്തിനു സമീപത്താണ് പോളിംഗ് യന്ത്രങ്ങൾ വിതരണം ചെയ്ത കേന്ദ്രം സ്ഥിതിചെയ്യുന്നത്. അവിടെ കരുതൽ ഉദ്യോഗസ്ഥരും മറ്റുമായി 200 ഓളം പേരുണ്ട്.

ഇവർ രാവിലെ സംഘമായി വോട്ടു ചെയ്യാനെത്തിയെങ്കിലും നീണ്ട ക്യൂ ആയതിനാൽ ഉച്ചയ്ക്കു ശേഷം എത്താൻ പറഞ്ഞ് തിരിച്ചയയ്ക്കുകയായിരുന്നു. അവർ ഉച്ചയ്ക്ക് 2 മണിയോടെ വീണ്ടും എത്തിയതാണ് ഇവിടെ വലിയ തിരക്കിന് കാരണമായത്.

പോളിംഗ് ഉദ്യോഗസ്ഥരുടെ മെല്ലപ്പോക്കു നയമാണ് പല ബൂത്തുകളിലും ക്യൂ നീളാൻ കാരണമെന്നാണ് പരാതി. ഓരോ വോട്ടു രേഖപ്പെടുത്തുന്നതിനും മുൻപത്തെക്കാൾ സമയം വേണ്ടിവരുന്നതാണ് കാരണമെന്നാണ് ഉദ്യോഗസ്ഥരുടെ വാദം. വിവിപാറ്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നടന്ന ശേഷമേ മറ്റൊരാൾക്ക് വോട്ടു രേഖപ്പെടുത്താനായുള്ളു.

മൃതദേഹം ചാക്കിൽ കെട്ടിയ നിലയിൽ

മുരുകൻ

പാറശാല: ആറയൂരിൽ മൃതദേഹം ചാക്കിൽ കെട്ടിയ നിലയിൽ പറമ്പിൽ കണ്ടെത്തി. ആറയൂർ ആർ.കെ.വി ഭവനിൽ മുരുകൻ (41) ആണ് മരിച്ചതെന്ന് പൊലീസ് കണ്ടെത്തി. മുരുകനെ കാണ്മാനില്ലെന്ന പരാതിയെ തുടർന്നുള്ള തെരച്ചിലിലാണ് ആറയൂർ കടമ്പാട്ടുവിള ഷാജിയുടെ വീടിനടുത്ത് അയാളുടെ പുരയിടത്തിൽ മൃതദേഹം കണ്ടെത്തിയത്.

മൃതദേഹത്തിന് മൂന്ന് ദിവസത്തിലേറെ പഴക്കമുണ്ട്. കഴിഞ്ഞ ശനിയാഴ്ച മുരുകനെ ഷാജിയുടെ വീട്ടിൽ കണ്ടതായി നാട്ടുകാർ പറഞ്ഞിരുന്നു.

അതനുസരിച്ച് പൂട്ടിയിട്ടിരുന്ന ഷാജിയുടെ വീട് പരിശോധിക്കവേ വീടിനുള്ളിൽ മദ്യക്കുപ്പികൾ കണ്ടെത്തുകയുണ്ടായി . തറയിൽ രക്തക്കറ പുരണ്ടത് കഴുകി കളഞ്ഞതിന്റെ പാടുകളുണ്ട്. തുടർന്നുള്ള പരിശോധനയിലാണ് മൃതദേഹം കണ്ടെത്തിയത്. സംഭവത്തെ തുടർന്ന് ഷാജി ഒളിവിലാണ്. ഫിംഗർ പ്രിന്റ്, സയന്റിഫിക് വിദഗ്ദ്ധർ കൂടുതൽ തെളിവെടുപ്പ് നടത്തി. മൃതദേഹം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മോർച്ചറിയിൽ.

വണികവൈശ്യ മുത്താരമ്മൻ ദേവസ്ഥാനം

ബാലരാമപുരം: വണിക വൈശ്യ മുത്താരമ്മൻ ദേവസ്ഥാനത്തെ അമ്മൻകൊട മഹോത്സവത്തോടനുബന്ധിച്ച് ഇന്ന് രാവിലെ 5.30 ന് അഷ്ടദ്രവ്യമഹാഗണപതിഹോമം, 8.30 ന് മത്സരനെയ്യാണ്ടിമേളം, 9 ന് പൊങ്കാല, 11.30 ന് പൊങ്കാല നിവേദ്യം, 12 ന് സമൂഹസദ്യ, വൈകുന്നേരം 3 ന് പുഷ്പപൂജയും അലങ്കാര ദീപാരാധനയും, 4 ന് മഞ്ഞൾ നീരാട്ട്, 6.30 ന് സന്ധ്യാദീപാരാധന, രാത്രി 7 ന് അനുമോദനസമ്മേളനം, രാത്രി 8 ന് കലാസന്ധ്യ.

വോട്ടെടുപ്പ് സമാധാനപരം

- പത്തിലേറെ ബൂത്തുകളിൽ വോട്ടിംഗ് യന്ത്രം തകരാറിലായി
- വോട്ടെടുപ്പ് ഒന്നര മണിക്കൂർ വരെ വൈകി

നെടുമങ്ങാട്: പ്രശ്നബാധിത ബൂത്തുകളെന്ന് പൊലീസ് റിപ്പോർട്ട് ലഭിച്ച മലയോര മേഖലയിലെ 28 ബൂത്തുകളിൽ കേന്ദ്ര സർക്കാരിന്റെ മൈക്രോ ഒബ്സർവർമാരെ അടക്കം വൻ സുരക്ഷാക്രമീകരണം ഏർപ്പെടുത്തിയിരുന്നെങ്കിലും അനിഷ്ട സംഭവങ്ങൾ എങ്ങും ഉണ്ടായില്ല.

11 ബൂത്തുകൾ നെടുമങ്ങാട് മണ്ഡലത്തിലും 17 എണ്ണം മറ്റു രണ്ട് മണ്ഡലങ്ങളിലുമായാണ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയത്.

വാമനപുരത്ത് 212 ഉം നെടുമങ്ങാടും അരുവിക്കരയിലും 210 വീതവും ബൂത്തുകൾ ക്രമീകരിച്ചിരുന്നു. 2.28 ലക്ഷം വോട്ടർമാർ നെടുമങ്ങാട് മണ്ഡലത്തിലും 1.98 ലക്ഷം വോട്ടർമാർ വാമനപുരം മണ്ഡലത്തിലും 1.91 ലക്ഷം വോട്ടർമാർ അരുവിക്കര മണ്ഡലത്തിലുമുണ്ട്. 2014 ലെ തിരഞ്ഞെടുപ്പിൽ 62 ശതമാനത്തിൽ നിന്നാണ് ഇത്തവണ 68 ശതമാനമായി പോളിംഗ് ഉയർന്നത്.

632 പോളിംഗ് ഓഫീസർമാരടക്കം 2528 ഉദ്യോഗസ്ഥരാണ് മൂന്ന് മണ്ഡലങ്ങളിലായി വോട്ടെടുപ്പ് നിർവഹിച്ചത്.

സിനിമ

- ന്യൂ (2323244) :: SCREEN 1 - മധുരരാജ (M- 9.00) LUCIFER (M- 1.45, 2.45, 6.15, 10.00)
- SCREEN 2 - മധുരരാജ (M-11.30, 2.30, 6.00, 8.45, 11.30)
- SCREEN 3 - മധുരരാജ (M-11.30, 2.30 ,8.45, 11.30) കോടതിസമക്ഷം ബാലൻ വക്കീൽ (M-6.00)
- ശ്രീകുമാർ (2331222) :: NO SHOWS
- ശ്രീവിശാഖ് (2331222) :: ലൂസിഫർ (M-11.00, 2.30, 6.15, 9.30)
- ശ്രീപത്മനാഭ (2473999) :: KANCHANA -3 (T-11.30, 2.30) മേരാനാം ഷാജി (M - 6.00, 9.30)
- ദേവിപ്രിയ (2473999) :: മധുരരാജ (M -11.00, 9.30) മേരാനാം ഷാജി (M-2.30) KANCHANA-3 (T-6.00)
- അജന്ത (2472825) :: മധുരരാജ (M-11.15, 2.30, 6.30, 9.45)
- കൃപ :: KANCHANA -3 (T- 9.30AM, 11.30am, 3.00pm) അതിരൻ (M-1.00pm, 4.00pm, 7.00pm, 10.00pm) KALANK (H-6.30pm) മധുരരാജ (M- 10.15pm)
- കലാഭവൻ :: അതിരൻ (M- 11.30, 6.30) മേരാനാം ഷാജി (M- 2.30, 9.30)
- സെൻട്രൽ (2462865) :: BARBARIAN (E - 11.30, 2.30, 6.30, 9.30)
- കൈരളി (2332747) :: മധുരരാജ (M- 11.15, 2.30, 6.15, 9.30)
- ശ്രീ (2332747) :: അതിരൻ (M- 11.15, 2.30, 6.15, 9.30)
- നിള (2332747) :: കുമ്പളങ്ങി നൈറ്റ്സ് (M- 11.15) KANCHANA -3 (T- 2.30, 6.00, 9.30)
- ലെനിൻ സിനിമ :: അതിരൻ (M- 11.30, 2.30pm, 9.00pm) മധുരരാജ (M- 6.00pm, 11.30pm)
- ധന്യ (2476773) :: അതിരൻ (M- 11.15, 2.30, 6.15, 9.30)
- രമ്യ (2476773) :: KALANK (H- 11.15, 2.30) THE CURSE OH THE WEEPING WOMAN (E- 6.15, 9.30)
- ARIESPLEX SL CINEMA: (04714066660) ::
- Audi 1- LUCIFER (M- 11.15am, 3.00pm, 6.45pm, 10.30pm)
- Audi 2- KANCHANA-3 (T- 10.30am, 1.30pm, 7.15pm, 10.30pm) DUMBO (E- 4.45)
- Audi 3- SHAZAM (E- 10.45) URIYADI (T- 1.30pm) JUNE (M- 4.15pm) കുമ്പളങ്ങി നൈറ്റ്സ് (M- 7.15pm) മേരാനാം ഷാജി (M- 10.30pm)
- Audi 4 - THE CURSE OF THE WEEPING WOMAN (E-11.30am, 4.45pm) KALANK (H- 1.30pm, 6.45pm, 10.30pm)
- Audi 5 - അതിരൻ (M-10.30, 1.15, 4.15, 7.15, 10.30)
- Audi 6 - മധുരരാജ (M- 10.30, 1.30, 4.30, 7.30, 10.30)
- കഴക്കൂട്ടം കൃഷ്ണ (2418144) :: അതിരൻ (M-11.15, 2.30, 6.15, 9.30)
- വെട്ടുറോഡ് ഹരിശ്രീ (04712755666) :: മധുരരാജ (M -11.15, 2.30, 6.15, 9.30)
- കഠിനംകുളം ജി ട്രാക്സ് (2757771) :: screen 1 : കായംകുളം കൊച്ചുണ്ണി (M - 11.15, 2.30, 6.15, 9.30)
- screen 2 : 96 (T- 11.30, 2.30, 6.30, 9.30)
- ആറ്റിങ്ങൽ ഡ്രീംസ് (628997) :: THADAM (T- 11.15, 2.30, 6.15, 9.30)
- ആറ്റിങ്ങൽ ഗംഗ (2629973) :: ഞാൻ പ്രകാശൻ (M- 11.15, 2.15, 6.15, 9.15)
- ആറ്റിങ്ങൽ യമുന (2629973) :: KGF (T- 11.15, 2.15, 6.15, 9.15)
- ആറ്റിങ്ങൽ കാവേരി (9287218284) :: ZERO (H- 11.15, 2.30, 6.15, 9.30)
- ആറ്റിങ്ങൽ വൈശാഖ് (2622244) :: മേരാനാം ഷാജി (M- 11.15, 2.30, 6.15, 9.30)
- ആറ്റിങ്ങൽ തപസ്യ (3291113) :: KANCHANA-3 (T- 11.00, 2.45, 6.30, 9.45)
- ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920) :: No shows
- വർക്കല എസ്.ആർ (0470 2602339) :: KANCHANA -3 (T- 11.00, 2.30, 6.15, 9.30)
- വർക്കല വിമല (9895233785) :: മധുരരാജ (M - 11.00, 3.00, 6.30, 9.45)
- വർക്കല സ്റ്റാർ സിനിമ (2602344) :: ലൂസിഫർ (M - 11.00, 2.30, 6.15, 9.30)
- ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M- 3.00, 6.30, 9.30)
- നെടുമങ്ങാട് സൂര്യ (2802223) :: ഫ്രഞ്ച് വിപ്ലവം (M- 11.00, 2.30, 6.15, 9.30)
- നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259) :: ലൂസിഫർ (M- 11.00, 2.30, 6.00, 9.30)
- നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: മധുരരാജ (M- 11.00, 2.30, 6.15, 9.30)
- നെടുമങ്ങാട് റാണി :: screen 1 : അതിരൻ (M- 11.00, 2.30, 6.30, 9.30)
- screen 2 : KANCHANA -3 (T- 10.45, 2.15, 6.00) മേരാനാം ഷാജി (M- 9.30)
- പെരിങ്ങമ്മല അശ്വതി (2400394) :: JOSEPH (M- 2.30, 6.30, 9.30)
- കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174) ::
- Audi 1 - ഗജനീകാന്ത് (M- 11.30, 2.30, 6.15, 9.30)
- Audi 2 - ഇബിലീസ് (M-11.00, 2.30, 6.15, 9.30)
- Audi 3- KARWAAN (H-11.00, 2.30, 6.15, 9.30)
- Audi 4- കൂടെ (M- 11.00, 2.30, 6.15, 9.30)
- Audi 5- JUNGA (T- 11.00, 2.30) ഒരു പഴയ ബോംബ് കഥ (M- 6.15, 9.30)
- കളിയിക്കാവിള തമീൻസ് മാക്സ് :: പുലിമുരുകൻ (M-2.30, 6.15) അച്ചം എന്പത് മടമയ്യെ (T-11.00, 9.15)
- നെയ്യാറ്റിൻകര ശുഭ :: പഞ്ചവർണ തത്ത (M- 2.30, 6.30, 9.30)
- പോത്തൻകോട് MT cineplex (2419515) ::
- Tela 1- മധുരരാജ (M - 2.00, 4.30, 9.45)
- Tela 2- മേരാനാം ഷാജി (M-11.00am, 7.00pm) അതിരൻ (M-2.00, 4.30, 9.45)
- പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555, 9447060600) :: ലൂസിഫർ (M- 11.15, 2.30, 6.15, 9.30)
- വെഞ്ഞാറമൂട് സിന്ധു (9746159088) :: ലൂസിഫർ (M- 11.30, 2.30, 6.30, 9.30)
- കാട്ടാക്കട ജയവിനായക (2290867) :: screen 1 - ആട് -2 (M-11.00, 2.15, 6.15, 9.15)
- screen 2 - വേലൈക്കാരൻ (T- 11.15, 2.30, 6.30, 9.30)
- കള്ളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M- 6.30, 9.30)
- കാട്ടാക്കട ശ്രീമുരുക (9995952120) :: No Show
- കിളിമാനൂർ എസ്.എൻ :: Nowshow
- പനച്ചമൂട് യമുനലക്ഷ്മി (9895614787) :: KANCHANA -3 (T- 2.30, 6.30, 9.30)
- പേയാട് എസ്.പി സിനിമ (0471-2289053) :: LUCIFER (M-11.00, 2.30, 6.15, 9.15)
- കല്ലറ ARS (9526906021) :: കമ്മാരസംഭവം (M- 2.30, 6.30)
- പടന്താലുംമൂട് IMP :: KANCHANA - 3 (T- 11.00, 2.30, 6.30, 9.30)
- കാട്ടാക്കട സ്വരലയം: (9188628546) :: സ്വരം - അതിരൻ (M- 11.15, 2.15, 6.6.15, 9.15)
- ലയം - KANCHANA -3 (T-11.30, 2.30, 6.00) മേരാനാം ഷാജി (M- 9.00)

ഇന്ന്

ജഗതി സിൽവർ ഹോം: സാഹിതീസല്ലാപത്തിന്റെ ലളിതാംബിക അന്തർജനം അനുസ്മരണം -2.30ന്.

മാർഗി നാട്യഗൃഹം: ശ്രീകൃഷ്ണചരിതം നങ്ങ്യാർക്കൂത്ത്-6ന്.

ശ്രീപദ്മനാഭസ്വാമി ക്ഷേത്രം കിഴക്കേനട: രമണവിദ്യ സത്സംഗം -6.15ന്.

കേശവദാസപുരം മാർ ഗീവർഗീസ് സഹദ ദേവാലയം: തിരുനാൾ കൊടിയേറ്റ്-6ന്.

മണ്ണന്തല പണ്ടാരവിള തമ്പുരാൻ ശിവശക്തി ക്ഷേത്രം: താലപ്പൊലി ഘോഷയാത്ര-6ന്.

കരുമം അരകത്ത് ദേവീക്ഷേത്രം: ഭാഗവത പാരായണം-6ന്.

തുമ്പോട് മീനാക്ഷിപുരം ശ്രീമൂർത്തി ഭഗവതിക്ഷേത്രം: പൊങ്കാല-9ന്.

KERALA KAUMUDI classifieds

കേരളകൗമുദി ക്ലാസിഫൈഡ്സ്

better choice.... faster response

ലൈംഗികപ്രശ്നങ്ങൾക്ക്

ഒന്നാന്തരം മരുന്ന്. പ്രായവും ഷുഗറും പ്രശ്നമല്ല. നേരിട്ട് വന്ന് മരുന്നു വാങ്ങുക.
അയ്യപ്പ ഫാർമസി
KSRTC ക്ക് സമീപം
പന്തളം - 689 501
ഫോൺ: 9562087355

ഉപകാരസ്മരണ

വിശുദ്ധ യൂദാശ്ലീഹയുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം അനുഗ്രഹീതമായി. നന്ദിയോടെ,
ശർമ്മ

ആവശ്യമുണ്ട്

കൊല്ലത്തേക്ക്
1) ഹെൽപ്പർ കം വാച്ചർ
2) പെട്രോൾ പമ്പിലേക്ക് ഫില്ലിംഗ് സ്റ്റാഫ്
25-70 വയസ്സ്, സൗജന്യ താമസം.
Ph: 8848785038, 9387543338

ആവശ്യമുണ്ട്

ഇന്ത്യൻ റെയിൽവേയിലേക്ക് കരാർ അടിസ്ഥാനത്തിൽ ക്ലീനിംഗ് തസ്തികയിലേക്ക് 40 വയസ്സിന് താഴെയുള്ള യുവാക്കളെ ആവശ്യമുണ്ട്. Salary : 10,500/-, Food & Accommodation.
8138040625, 8921390826.

ജോലി ആവശ്യമുള്ളവരും ജോലിക്കാരെ ആവശ്യമുള്ളവരും

ഓഫീസ് സ്റ്റാഫ്, റിസപ്ഷനിസ്റ്റ്, ഫാർമസിസ്റ്റ്, അക്കൗണ്ടന്റ്, ഡാറ്റാ എൻട്രി, ITI, DTP, ഹെൽപ്പർ, ഡ്രൈവർ, വ്യാപാര സ്ഥാപനങ്ങളിൽ സെയിൽസ്, ബില്ലിംഗ്, Male/ Female. ബന്ധപ്പെടുക : 8078785589, 8078974489. Biodata അയയ്ക്കുക. keralajobstvpm@gmail.com

ചികിത്സ

ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone : 2321289, 2326569.

നഷ്ടപ്പെട്ടു

എന്റെ F 6796986 നമ്പർ പാസ്പോർട്ട് യാത്രാമദ്ധ്യേ തിരുവനന്തപുരത്ത് നഷ്ടപ്പെട്ടു. കിട്ടുന്നവർ അറിയിക്കുക.
ധന്യ സുരേഷ്കുമാർ, 7034874908

ഗവ: യൂണിവേഴ്സിറ്റിയിൽ
B.Sc. Forensic Science
Eligibility : +2 Science | തൊഴിലവസരങ്ങളേറെ
ഫീസ് – 47,500 രൂപ / സെമസ്റ്റർ മാത്രം ലോൺ സൗകര്യം
15+ രാജ്യങ്ങളിൽ നിന്നും, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും, കേരളത്തിലെ 14 ജില്ലകളിൽ നിന്നും വിദ്യാർത്ഥികൾ പഠിക്കുന്ന ഇന്റർനാഷണൽ ക്യാമ്പസ്. • 200 ഏക്കർ ക്യാമ്പസിൽ (24x7 CCTV) സുരക്ഷിതമായ ഹോസ്റ്റൽ. ക്യാമ്പസിനകത്തുതന്നെ ബാങ്ക്, ATM, ആരാധനാലയങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, പാർക്ക്, ജിം എന്നീ സൗകര്യങ്ങൾ. • 500+ മലയാളികൾ പഠിക്കുന്നു.
Job Areas : Defence, Forensic Dept., Police, Cyber Cell, Banks, Hospitals, Universities, etc.
Direct Trains from Kerala | Reserve your seat by paying Rs. 25,000/- DD in favour of college
T&C Apply
For Admissions : Aditya Educational Institutions -Regional Office, Kochi-18
7025177333, 7025177666, 7025177999

ആവശ്യമുണ്ട്

തിരുവനന്തപുരത്തെ പ്രമുഖ സ്ഥാപനത്തിലേക്ക് ലേഡി ഓഫീസ് സ്റ്റാഫിനെ ആവശ്യമുണ്ട്.
9633141555

തൊഴിലവസരം

മെർച്ചന്റ് നേവിയിൽ പുതുതായി ചേരാൻ അവസരം. 10th/ 12th/ ഡിഗ്രി. പ്രായം : 18 - 25 വയസ്സ്, ശമ്പളം : 25000 - 45000 + മറ്റ് ആനുകൂല്യങ്ങൾ.
careerbuild821@gmail.com, 08107222725

CHANGE OF NAME

I, ANIL AJAYA KUMAR, holder of Indian Passport No. F6805244, do hereby change my name to ANIL AJAY as per Aadhar No. 937815712063 for all purpose.
ANIL AJAY

നഷ്ടപ്പെട്ടു

നേമം സബ്‌രജിസ്ട്രാർ ഓഫീസിൽ ഭാനുമകൾ സുശീലയുടെ പേരിലുള്ള 788/1951-ാം നമ്പർ വിലയാധാരം നഷ്ടപ്പെട്ടുപോയിട്ടുള്ളതാകുന്നു. ടി വസ്തു രജിസ്ട്രേഷൻ നടത്തേണ്ടതിനാൽ ഇതു സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം 14 ദിവസത്തിനകം പരാതിപ്പെടേണ്ടതാണ്.
Cell No. 9496395845

സേഫ്റ്റി ഓഫീസർ ട്രെയിനിംഗ്

30 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള കേരളത്തിലെ ആദ്യ ISO Certified safety Officer Academyയിൽ നിന്നു തന്നെ ഒരു മാസത്തെ വിദഗ്ധ പരിശീലനത്തിലൂടെ Expert Safety Officer ആകാം. Safety Engineering രംഗത്തെ കുലപതിയായ Dr. B. Jayaprakash (Phd in Safety Engg.) നേരിട്ടു നൽകുന്ന പരിശീലനം. Govt. of India Promoted Certificateഉം സൗജന്യ താമസ സൗകര്യവും. ട്രെയിനിംഗിന് ശേഷം താൽപര്യമുള്ളവർക്ക് ഈ കമ്പനിയിൽ തന്നെ ശമ്പളത്തോടെ ട്രെയിനിയായി തുടരാം. കൂടാതെ DIPLOMA, NEBOSH, IOSH, First Aid പരിശീലനവും.
SAFETY TECH MANAGEMENT
Edapally, Ernakulam.
Ph.0484 - 2335554, 93878 87657, 85470 29026, 98953 91551
YouTube Jayaprakashsafety

പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു
PAVITHRA HOSPITAL & INSTITUTE OF AYURVEDA NURSING
K.P Road, Adoor, Pathanamthitta
Diploma in Ayurveda Nursing (1 Year)
Diploma in Ayurveda Pharmacy (1 Year)
Diploma in Clinical Yoga (1 Month)
Diploma in Foot Massage Therapy (1 Month)
• വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ആയുർവേദ ഹോസ്പിറ്റലുകളിൽ ജോലി ഉറപ്പ് നൽകുന്നു • ഹോസ്റ്റൽ സൗകര്യം • വിദഗ്ദ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ ക്ലാസുകൾ • യോഗ്യത എസ്.എസ്.എൽ.സി.
Ph:04734226358, Mob:9188758827
www.pavithraayurveda.com